**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോണിലെ ജനവാസ മേഖലാ നിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇരുപത്തിമൂന്ന് സംരക്ഷിത വനപ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഒരു കിലോമീറ്റർ പരിസ്ഥിതി ലോല മേഖലയിലെ ജനവാസ പ്രദേശങ്ങൾ നിർണ്ണയിക്കാൻ സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ ഭൗതിക സ്ഥല പരിശോധനയുടെ പുരോഗതി വിശദമാക്കാമോ; | (എ) | സർക്കാർ നിയോഗിച്ച വിദഗ്ദ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/ വില്ലേജ് തല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്ത രൂപവും, ജനവാസ മേഖലകളെയും സർക്കാർ/ അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ / നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇ-മെയിൽ മുഖേനയും വനം വകുപ്പ് ജോയിൻറ് സെക്രട്ടറിക്ക് തപാൽ മാർഗ്ഗവും, പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിലും ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽ നിന്നും |

| | | | |
|---|---|---|---|
| | | | നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്പ് ലോഡ് ചെയ്തിട്ടുമുണ്ട്. വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 30-10-2022, 24-11-2022, 04-12-2022, 11-12-2022, 20-12-2022, 24-12-2022, 27-12-2022,30-12-2022 11-01-2023, 28-01-2023 എന്നീ തീയതികളിലായി നാളിതുവരെ പത്ത് യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരുകയാണ്. 28-12-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.580/2022/വനം പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സർവേ നടപടികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വിദഗ്ദ്ധ സമിതി രൂപീകരിച്ചത്. പൊതുജന പങ്കാളിത്തത്തോടെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനായി വിദഗ്ദ സമിതി ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹു. സുപ്രീം കോടതിയുടെ WP (C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്റെ ഖണ്ഡിക 42 (സി) നിർദ്ദേശിക്കും പ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ (KSREC) ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ തയ്യാറാക്കിയ സ്ഥിതിവിവര കണക്കും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/ അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ വിശദമായ ഭൂപടങ്ങളും സർവ്വേ |

| | | | |
|---|---|---|---|
| | | | നമ്പരും ഉൾപ്പെടുത്തിക്കൊണ്ടും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് നിശ്ചിത പ്രൊഫോർമയിൽ വിവരങ്ങൾ / പരാതികൾ അറിയിക്കുന്നതിന് 2022 ഡിസംബർ 23 വരെയാണ് ആദ്യം സമയം അനുവദിച്ചിരുന്നത്. എന്നാൽ കൂടുതൽ ജനങ്ങൾക്ക് ഈ രേഖകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ / പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സാവകാശം ലഭിക്കുന്നതിനായി ടി വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2023 ജനുവരി 7 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി ബന്ധപ്പെട്ട പഞ്ചായത്ത്/ നഗരസഭ തലത്തിൽ ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നു. റവന്യൂ വകുപ്പുമായും കൂടിയാലോചിച്ചാണ് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നത്. ഈ വിഷയത്തിൽ ലഭിച്ച പരാതികളുടെ ബാഹുല്യം നിമിത്തം എല്ലാ പരാതികളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ കൂടുതൽ സമയം ആവശ്യമായിവന്ന സാഹചര്യത്തിലാണ് 28-12-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം. 580/2022/വനം പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളത്. |
| (സി) | വിദഗ്ദ്ധ സമിതിയുടെ ഭൗതിക സ്ഥല പരിശോധന എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നറിയിക്കാമോ; | (സി) | 28-12-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.580/2022/വനം പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ടി സമയ പരിധിക്കുള്ളിൽ ഭൗതിക സ്ഥലപരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ബഹു. സുപ്രീം കോടതി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. |
| (ഡി) | പ്രസ്തുത സർവേ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | 28-12-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.580/2022/വനം പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ടി സമയ പരിധിക്കുള്ളിൽ ഭൗതിക സ്ഥലപരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ബഹു. സുപ്രീം കോടതി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ